"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

<u>**സർക്കുലർ നം - 09/2025** (HC(GEN - 2285/25)</u>

ജയിലുകളിൽ പ്രവേശിക്കപ്പെടുന്ന തടവുകാരുടെ നോമിനി ഡീറ്റെയിൽസ് അവരുടെ അഡ്മിഷൻ സമയത്തു തന്നെ നിർബന്ധമായും ഇ-പ്രിസണിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ ജയിൽ അന്തേവാസികൾ ജയിലുകളിൽ ശിക്ഷ പൂർത്തിയാക്കാതെ ജയിലുകളിൽവച്ചോ പുറത്തുവച്ചോ മരണപ്പെടുന്ന അവസരത്തിൽ ഉടനെതന്നെ അവർ പേര് നൽകിയിട്ടുള്ള നോമിനികളുമായി ബന്ധപ്പെട്ട് മരണപ്പെട്ട തടവുകാരന്റെ / തടവുകാരിയുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസ് / താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും വളരെ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ജയിൽ സൂപ്രണ്ടുമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ മരണപ്പെട്ട തടവുകാരുടെ അനന്തരാവകാശ സർട്ടിഫിക്കേറ്റ് ലഭ്യമായാൽ ആ വിവരം ഇ-പ്രിസണിൽ ചേർക്കേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റിന്റെ കോപ്പി പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിവരം ആസ്ഥാന കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

മേൽ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ടെന്ന് ജയിൽ സൂപ്രണ്ടുമാർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

Lakshmi K

CWO

സ്വീകർത്താവ്::- എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

Signed by
Lakshmi K
Date: 25-09-2025 15:11:31

പകർപ്പ് :- DIG SZ/NZ/CZ
ടെക്നിക്കൽ സെൽ (Web Site)